ലേക്കം മൃത്യുവിൽനിന്നു് അമൃതത്തിലേക്കുമുള്ള നിരന്തരപ്രയാണം. ഈ തീർത്ഥയാത്രയുടെ ദുർഗമപഥത്തിൽ ശ്രീശങ്കരനെക്കാരം കൂടുതൽ പ്രകാശം ചൊരിഞ്ഞ മററൊരു ദീപയഷ്ടിവാഹകൻ ഉണ്ടായിട്ടില്ല ശങ്കരാചാര്യരുടെ കൃതികരംക്കുള്ള രൂപസൗന്ദര്യവും ഭാവഗാംഭീര്യവും പന്ത്രണ്ടു നൂററാണ്ടുകരംക്കു ശേഷം ഇന്നും അക്ഷുണ്ണമായിത്തന്നെ വർത്തിക്കുന്നു. വിവർത്തനങ്ങളിലൂടെയെങ്കിലും ഈ കൃതികളുടെ മുഖപരിചയം നേടാത്ത ഭാരതീയന്റെ വിദ്യാഭ്യാസം അപൂർണമായേ പരിഗണിക്കപ്പെടുകയുള്ളു ശങ്കരാചാര്യരുടെ ആയിരത്തിരുനൂറാം ജയന്തിയാഘോഷങ്ങളിൽനിന്നു കൈവന്ന ആവേശം അദ്ദേഹത്തിന്റെ കൃതികരം മൂലസംസ്കൃതത്തിലും സുബോധങ്ങളായ വിവർത്തനങ്ങളിലൂടെ പ്രാദേശിക ഭാഷകളിലും ലഭ്യമാക്കുന്നതിനുള്ള ഒരു ദേശീയപ്രയത്നത്തിനു പ്രേരണ നൽകട്ടെ.

(21 ഏപ്രിൽ, 1988)

# 73. പഴശ്ശി കേരളവർമ

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കീഴിൽ വടക്കേ മലബാറിലെ സബ് കലക്ടർ ആയിരുന്ന തോമസ് ഹാർവേ ബാബർ നയിച്ച ഒരു സംഘം പട്ടാളക്കാരുമായുള്ള ഏററുമുട്ടലിൽ വയനാട് മൈസൂർ അതിർത്തിയിൽ കങ്കറാപ്പുഴയുടെ തീരത്തുള്ള ഒരു കാട്ടിൽ 1805 നവംബർ 30—ാം തീയതി മരിച്ചുവീണ പഴശ്ശി കേരളവർമ എന്ന കോട്ടയത്തുതമ്പുരാന്റെ നൂററെൺപത്തിനാലാം ചരമദിനം അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം സംസ്കരിച്ച മാനന്തവാടിയിൽ പ്രവർത്തിക്കുന്ന പഴശ്ശി ഫൗണ്ടേഷൻ ആൻഡ് റിസർച്ച് സെൻററിന്റെ ആഭിമുഖ്യത്തിൽ ഇക്കഴിഞ്ഞ നവംബർ 28, 29, 30 തീയതികളിൽ വിവിധ പരിപാടികളോടെ ആഘോഷിക്കപ്പെടുകയുണ്ടായി.

പഴശ്ശിത്തമ്പുരാന്റെ ചിത എരിഞ്ഞടങ്ങിയ സ്ഥലത്തു നിർമിക്കപ്പെട്ടിരുന്ന ചെങ്കൽമാടത്തെ തടിക്കുള്ളിൽ ഒതുക്കിക്കൊണ്ടു വളർന്നുനില്ക്കുന്ന കൂററൻ കോളിമരം ഒമ്പതു വർഷത്തോളം ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പട്ടാളത്തെ വെല്ലുവിളിച്ച വയനാടൻ വനങ്ങളിൽ ഒളിപ്പോർ നടത്തിയ ആ ധീരദേശാഭിമാനിക്ക് എന്തുകൊണ്ടും ഉചിതമായ ഒരു സ്മാരകമാണ്. ഈ മരത്തിനു ചുററുമായി എളിമയുടെ ഗൗരവം മുററിനില്ക്കുന്ന ഒരു ചെറുമതിൽക്കെട്ട് ഇപ്പോരം ഉയർത്തപ്പെട്ടിട്ടുണ്ട്. പഴശ്ശിത്തമ്പുരാന്റെ കാലത്തേയും ജീവിതത്തേയും അനുസ്മരിപ്പിക്കുന്ന കലാവസ്തുക്കളും ചരിത്രരേഖകളും ഉരംക്കൊള്ളുന്ന ഒരു സ്മാരകസൗധം ഇതിനടുത്തുതന്നെ പണിതുയർത്തുവാൻ ശ്രമം ആരംഭിച്ചിരിക്കുന്നു. വിദേശാധിപത്യത്തെ പിഴുതെറിയുന്നതിനുള്ള പരിശ്രമത്തിൽ ജീവൻ ബലികഴിച്ച ഹുതാത്മാക്കളുടെ സ്മരണപോലെ ദേശാഭിമാനോത്തേജകമായ മററൊന്നു് ഇല്ലതന്നെ.

'രക്തസാക്ഷികരം തൻ ചിതാവേദിയി—
ലുത്സവമാണ്ടുതോറുമിരമ്പണം;
നാടിനായ് ജീവനർപ്പിച്ചവർക്കിതിൻ
മീതെയെന്തു സമർഹമാം സ്മാരകം?'

എന്ന അർത്ഥത്തിലുള്ള പ്രശസ്തമായ ഉർദു കവിതയാണ് ഈ സന്ദർഭത്തിൽ ഓർമയിലെത്തുന്നതു്.

കേരളത്തിലെ മിക്ക രാജവംശങ്ങളുടേയുമെന്നപോലെ കോട്ടയം രാജവംശത്തിന്റെയും ചരിത്രം ആരംഭിക്കുന്നതു് ഐതിഹ്യങ്ങളുടെ മൂടൽമഞ്ഞിലാണ്. കേരളവർമയുമായി നീണ്ട കാലം നടന്ന സംഘർഷത്തിനിടയ്ക്കു് ബ്രിട്ടീഷ്

പട്ടാളം പഴശ്ശിക്കോട്ട കൊള്ളയടിക്കുകയും അ കോട്ടയും അതിനകത്തുണ്ടായിരുന്ന കൊട്ടാരവും പൂർണമായും ഇടിച്ചുതകർക്കുകയും ചെയ്യതോടെ അവിടെ ഉണ്ടായിരിക്കാമായിരുന്ന ചരിത്രരേഖകൾ എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോയി. കേരളത്തിൽ രചിക്കപ്പെട്ട ചില സംസ്കൃത–മലയാള ഗ്രന്ഥങ്ങളിലുള്ള പരാമർശങ്ങളും തലശ്ശേരിയിൽനിന്ന് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഉദ്യോഗസ്ഥന്മാർ ബോംബെയിലുള്ള തങ്ങളുടെ മേലുദ്യോഗസ്ഥന്മാർക്ക് അയച്ച ഏതാനും കത്തുകളുമാണ് കോട്ടയം രാജവംശത്തിന്റെയും കേരളവർമയുടെയും ചരിത്രം പുനരുദ്ഗ്രഥിക്കുന്നതിന് ഇന്നു നമ്മെ സഹായിക്കുന്നത്.

കേരളത്തിനു പുറത്ത് എവിടെയോനിന്നു വന്നവരായിരുന്നു കോട്ടയം രാജവംശത്തിന്റെ സ്ഥാപകർ. കോലത്തുനാടിന്റെ തെക്കുകിഴക്കായി തലശ്ശേരി മുതൽ കടകുവരെയുള്ള പ്രദേശങ്ങളടങ്ങിയ ഇവരുടെ രാജ്യം 'പുറനാട്' എന്നും 'പുറകിഴാർ നാട്' എന്നും വിളിക്കപ്പെട്ടിരുന്നത് ഇക്കാരണത്താലാണ്. കോട്ടയം രാജ്യത്തിന്റെ മദ്ധ്യഭാഗത്തുള്ള പുരളിമലയിൽ ഒരു കോട്ട കെട്ടിയ ഹരിശ്ചന്ദ്രപ്പെരുമാളാണ് ഈ വംശം കേരളത്തിൽ സ്ഥാപിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. എ. ഡി. പന്ത്രണ്ടാം നൂററാണ്ടിലെ തിരുനെല്ലി ശാസനത്തിൽ 'പറൈകിഴാർ നാടും' അതു ഭരിച്ചിരുന്ന 'ശങ്കരൻ കോതവർമ'നും പരാമർശിക്കപ്പെട്ടിട്ടുണ്ട്. എ. ഡി. പതിനഞ്ചാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ കോഴിക്കോട്ട് വാണിരുന്ന പ്രസിദ്ധനായ മാനവിക്രമ സാമൂതിരിയുടെ സദസ്യനായിരുന്ന ഉദ്ദണ്ഡശാസ്ത്രികൾ 'കോകിലസന്ദേശം' എന്ന കൃതിയിൽ ഹരിശ്ചന്ദ്രപ്പെരുമാളിനെ സ്മരിക്കുകയും കേരളത്തിൽ പ്രചാരലുപ്തമായിരുന്ന ഭാട്ടമീമാംസാദർശനത്തെ ഇവിടെ പുനഃപ്രതിഷ്ഠിച്ചത് കോട്ടയം രാജാക്കന്മാരാണെന്നു പ്രസ്താവിക്കുകയുംചെയ്യുന്നു. ഈ രാജകുടുംബത്തിൽ അന്നു ജീവിച്ചിരുന്ന 'സ്വാതി' എന്ന രാജകുമാരിയുടെ സൗന്ദര്യത്തെയും സംഗീത–സാഹിത്യ പാണ്ഡിത്യത്തെയും ദാനശീലത്തെയും ഉദ്ദണ്ഡശാസ്ത്രികൾ മുക്തകണ്ഠം പ്രശംസിക്കുന്നുമുണ്ട്.

മലയാളസാഹിത്യത്തിന് സമുല്യമായ സംഭാവന നൽകിയ രണ്ടു രാജകുമാരന്മാർ എ. ഡി. പതിനേഴാം നൂററാണ്ടിൽ ഈ വംശത്തിൽ പിറക്കുകയുണ്ടായി. 'കേരളവർമ രാമായണം' എന്ന പേരിൽ അറിയപ്പെടുന്ന വാല്മീകി 'രാമായണവിവർത്തനം' അടക്കം ഏഴു കിളിപ്പാട്ടുകളുടെയും മൂന്നു സ്തോത്രങ്ങളുടെയും നിർമാതാവായ കേരളവർമയാണ് ഇവരിലൊരാൾ. തീർത്ഥയാത്രയ്ക്കിടയിൽ ഇദ്ദേഹം ആററിങ്ങൽ ചെന്ന് വേണാട് വാണിരുന്ന ഉമയമ്മറാണിയുമായി പരിചയപ്പെട്ടു. 'മുകിലൻ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന കൊള്ളത്തലവനെ തിരുവട്ടാറിൽ നടന്ന യുദ്ധത്തിൽ കൊലപ്പെടുത്തിയ കേരളവർമയെ ഉമയമ്മറാണി ദത്തെടുത്ത് വേണാട്ടിലെ ഇളയരാജാവാക്കി. വേണാട്ടിൽ അന്നു നടപ്പുണ്ടായിരുന്ന പുലപ്പേടി, മണ്ണാപ്പേടി എന്നീ ദുരാചാരങ്ങൾ ഒരു വിളംബരത്തിലൂടെ കേരളവർമ ഉന്മൂലനംചെയ്തു. അദ്ദേഹത്തിന്റെ ഉയർച്ചയിൽ അസൂയ തോന്നിയ ചിലർ ചേർന്ന് 1696–ാമാണ്ടിൽ തിരുവനന്തപുരത്തുവെച്ച് അദ്ദേഹത്തെ വെട്ടിക്കൊന്നു. കേരളവർമയും ഉമയമ്മറാണിയും തമ്മിലുണ്ടായിരുന്ന ബന്ധത്തെ 'ഉമാകേരളം' എന്ന മഹാകാവ്യത്തിൽ ഉള്ളൂർ മറെറാരു വിധത്തിൽ വർണിക്കുന്നുണ്ട്.

'രാമനാട്ടം' എന്ന പേരിൽ അറിയപ്പെടുന്ന രാമായണം കഥകളുടെ നിർമാണത്തിലൂടെ കൊട്ടാരക്കര തമ്പുരാൻ നിലവിൽ വരുത്തിയ ആട്ടക്കഥാസാഹിത്യത്തെ ബകവധം, കിർമീരവധം, കല്യാണസൗഗന്ധികം, നിവാതകവചകാലകേയവധം എന്നീ മഹാഭാരതസംബന്ധികളായ ആട്ടക്കഥകളുടെ നിർമാണംകൊണ്ട് പുഷ്ടിപ്പെടുത്തിയ വിദ്വാൻ കോട്ടയത്തുതമ്പുരാന്റെ പേര് അറിയപ്പെട്ടിട്ടില്ല. നാടു വാണിരുന്ന കേരളവർമ തമ്പുരാന്റെ അനുജനും ഗോവിന്ദനെന്ന ഗുരുവിന്റെ ശിഷ്യനുമായിരുന്ന ഈ തമ്പുരാന്റെ കൃതികളാണ് കഥകളിയെ അതിവിശിഷ്ടമായ ഒരു അഭിനയകലാരൂപമാക്കിയത്.

രസസിദ്ധനായ ഒരു കവി എന്നപോലെ അഭിനയ കലാപാരംഗതനമായിരുന്നു ഇദ്ദേഹമെന്നാണ് പ്രസിദ്ധി. 'കോട്ടയത്തുതമ്പുരാൻ കഥകളിപ്രസ്ഥാനത്തിന് സാകൃതികാരംമൂലം നൽകിയിട്ടുള്ള ഉത്ഥാപനം ഈ ദൃക്കകൊണ്ടും ഇയത്തകൊണ്ടും സഹൃദയന്മാർക്ക് പരിച്ഛേദ്യമല്ല. അദ്ദേഹത്തിൻെറ കീർത്തി ചന്ദ്രിക കേരളവും കൈരളിയുമുള്ള കാലത്തോളം അമ്ളാനവും അപ്രതിമപ്രാഭവവുമായിത്തന്നെ പരിലസിക്കുകയുംചെയ്യും' എന്നാണ് മഹാകവി ഉള്ളൂർ ഈ ആട്ടക്കഥാരചയിതാവിനെ പ്രകീർത്തിച്ചിട്ടുള്ളത്.

'ഇക്കേരി രാജാക്കന്മാർ എന്നറിയപ്പെട്ടിരുന്ന ബദനൂരിലെ നായ്ക്കന്മാർ എ. ഡി. 1728 മുതൽ വടക്കേ മലബാറിലെ ചെറുരാജ്യങ്ങരം ആക്രമിക്കാൻ തുടങ്ങി. ഈ ചുററുപാടിൽ കോട്ടയം രാജാക്കന്മാർ തലശ്ശേരിയിലെ ഈസ്റ്റ് ഇന്ത്യാ കമ്പനിക്കാരെ ആത്മരക്ഷയ്ക്കായി ആശ്രയിച്ചു. മൈസൂരിൽ അധികാരത്തിൽവന്ന ഹൈദരാലി ബദനൂർ കീഴടക്കുകയും ബദനൂരിന് കോലത്തിരി നൽകിവന്നിരുന്ന കപ്പം ആവശ്യപ്പെട്ട് വടക്കെ മലബാർ ആക്രമിക്കുകയും ചെയ്തു ഹൈദരാലിയോട് എതിർത്തുതോററ കോട്ടയം രാജകുടുംബത്തിലെ മിക്ക അംഗങ്ങളും എ ഡി. 1766—നടുത്തു് തിരുവിതാംകൂറിൽ അഭയം തേടി. ഹൈദരാലിയെ ചെറുക്കുവാൻ ഈസ്റ്റ് ഇന്ത്യാ കമ്പനി തയ്യാറായപ്പോരം കോട്ടയത്തെ ഇളയ രാജാവായിരുന്ന കേരളവർമ്മ അവർക്കു സഹായം നല്കിക്കൊണ്ട് കോട്ടയം കാടുകളിൽ ജീവിച്ചുവന്നു.

ഹൈദരാലിയുടെ പുത്രനായ ടിപ്പുവുമായി 1784—ൽ ഒരു ഉടമ്പടിയിലേർപ്പെട്ട കമ്പനിക്കാർ വടക്കേ മലബാറിൻെറ ആധിപത്യം ടിപ്പുവിനാണെന്നു സമ്മതിച്ചുകൊടുത്തു. തിരുവിതാംകൂറിൽനിന്നു തിരിച്ചെത്തിയ കോട്ടയം രാജാവായിരുന്ന രവിവർമ്മ 1785-ൽ വയനാട് ടിപ്പുവിനു വിട്ടുകൊടുക്കുകയും കോട്ടയം രാജ്യത്തിൻെറ മററു ഭാഗങ്ങരം ഭരിക്കുന്നതിനു കപ്പമായി ആണ്ടുതോറും അറുപത്തയ്യായിരം രൂപ ടിപ്പുവിനു നൽകാമെന്നു സമ്മതിക്കുകയുംചെയ്തു. പക്ഷേ, വർദ്ധിച്ച നികുതിഭാരത്താൽ നട്ടെല്ലൊടിഞ്ഞ മലബാറിലെ കർഷകർ പ്രതിഷേധിച്ചപ്പോരം ആ കലാപകാരികളെ അമർച്ചചെയ്യുന്നതിന് മതപരിവർത്തനം ഉരംപ്പെടെയുള്ള ശിക്ഷാനടപടികരം ടിപ്പു സ്വീകരിച്ചു. ഇതുനിമിത്തം കോട്ടയം രാജാവായ രവിവർമ്മയ്ക്ക് ടിപ്പുവിനെതിരെ തലശ്ശേരിയിലെ ഈസ്റ്റ് ഇന്ത്യാ കമ്പനി ഉദ്യോഗസ്ഥരുടെ സഹായം തേടേണ്ടിവന്നു. കോട്ടയത്തെ കലാപങ്ങരം ഒതുക്കുന്നതിന് ടിപ്പുതന്നെ പുറപ്പെട്ടപ്പോരം രവിവർമ്മ വീണ്ടും തിരുവിതാംകൂറിലേക്കു പലായനംചെയ്തു. കാടുകളിൽ പാർത്തു് ടിപ്പുവിനെതിരെ കലാപങ്ങരം സംഘടിപ്പിച്ചിരുന്ന അനുജൻ കേരളവർമ്മയ്ക്ക് അദ്ദേഹം കോട്ടയം ഭരണം വിട്ടുകൊടുത്തിരുന്നു. താമസിയാതെ രവിവർമ്മ മരിക്കുകയുംചെയ്തു. 1790—ൽ കേരളവർമ്മ ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായി ടിപ്പുവിനെതിരെ ഒരു ഉടമ്പടിയിൽ ഒപ്പുവെച്ചു; അങ്ങനെ 'ബഹുമാനപ്പെട്ട കമ്പനി'യുടെ ഒരു സഖ്യകക്ഷിയായിത്തീർന്നു. കമ്പനി ടിപ്പുവിനെതിരെ രണ്ടു വർഷത്തിലേറെ നീണ്ടുനിന്ന മൂന്നാം ആംഗ്ലോ—മൈസൂർ യുദ്ധം ആരംഭിച്ചു. ഇക്കാലത്തു് കോട്ടയത്തിൻെറ ഭരണം ഏറെറടുത്തു് കേരളവർമ്മ കാടുവിട്ട് പഴശ്ശി കൊട്ടാരത്തിൽ വന്നു പാർത്തു; ഇംഗ്ലീഷുകാർക്കു കപ്പം നല്കാനും തുടങ്ങി.

ടിപ്പുവും കമ്പനിയും തമ്മിൽ 1792 മാർച്ചിൽ ശ്രീരംഗപട്ടണത്തു് ഒപ്പിട്ട കരാർ അനുസരിച്ച് പയ്യന്നൂർ മുതൽ കൊച്ചിവരെയുള്ള മലബാർപ്രദേശ് കമ്പനിയുടെ ആധിപത്യത്തിലായി. ചിറക്കൽ—കടത്തനാട് രാജാക്കന്മാരെപ്പോലെ കേരളവർമ്മയും കമ്പനിയുടെ കീഴിൽ നികുതിപിരിവുകാരനായി തരംതാണു. ആണ്ടുതോറും ഇരുപത്തയ്യായിരം രൂപ കോട്ടയം പ്രദേശത്തുനിന്നു നികുതിയായി പിരിച്ചു കമ്പനിയിലേക്ക് അടയ്ക്കാൻ അദ്ദേഹം ബാദ്ധ്യസ്ഥനായി. ഈ സമയത്തു് വയനാട് തൻേറതാണെന്ന അവകാശവാദം ടിപ്പു ഉന്നയിച്ചു. എങ്കിലും കേരളവർമ്മ അവിടെ തൻെറ സ്വാധീനം ഉറപ്പിക്കുകതന്നെചെയ്തു.

കോട്ടയം രാജകുടുംബത്തിൽനിന്ന് കുറുമ്പ്രനാട്ട് രാജവംശത്തിലേക്കു ദത്തെടുക്കപ്പെട്ട വീരവർമയാണ് ഇക്കാലത്ത് കമ്പനിക്കു വിധേയനായി കുറുമ്പ്രനാടു ഭരിച്ചിരുന്നത്. കപ്പം വർധിപ്പിക്കണമെന്ന കമ്പനിയുടെ ആവശ്യം കേരളവർമ നിരസിച്ചപ്പോൾ 1793–ൽ കമ്പനി കോട്ടയത്തിന്റെ ഭരണത്തിൽനിന്ന് കേരളവർമയെ ഒഴിവാക്കി അദ്ദേഹം ഭരിച്ചിരുന്ന പ്രദേശങ്ങൾ വീരവർമയ്ക്കു കൊടുത്തു. ഇതോടെ വീരവർമയ്ക്കും കമ്പനിക്കുമെതിരായ നടപടികൾ എടുക്കാൻ കേരളവർമ നിർബന്ധിതനായി. ചില ഒത്തുതീർപ്പുകൾ ഇടക്കാലത്ത് ഉണ്ടാക്കിയെങ്കിലും പിന്നീട് 1805 നവംബറിൽ മരിക്കുംവരെ കമ്പനിയുമായി കേരളവർമ തീവ്രസംഘർഷത്തിലായിരുന്നു. 1795 ജൂൺ മുതൽ വീരവർമയുടെ കരംപിരിവു ബലംപ്രയോഗിച്ച് കേരളവർമ നിർത്തലാക്കി; കോട്ടയം ഭരണത്തിൽ കമ്പനിക്കു യാതൊരു കാര്യവുമില്ലെന്നു പ്രഖ്യാപിക്കുകയുംചെയ്തു. 1796 ഏപ്രിൽ 1–ന് കമ്പനിപ്പട്ടാളം പഴശ്ശിക്കോട്ട കൊള്ളചെയ്തു. ഇതിനെത്തുടർന്ന് കേരളവർമ വയനാട്ടിലേക്കു താമസം മാററി. അവിടെയിരുന്ന് അദ്ദേഹം കമ്പനിക്കെതിരായ സമരം നടത്തി. കമ്പനിക്കുവേണ്ടിയുള്ള കരംപിരിവ് ഉപേക്ഷിക്കുവാൻ കോട്ടയം നാട്ടിലെ പ്രമാണിമാരെ അദ്ദേഹം ഉപദേശിച്ചു. കമ്പനിക്കെതിരായ യുദ്ധത്തിന് കേരളവർമ ടിപ്പുവിന്റെ സഹായസഹകരണങ്ങൾ തേടിയെങ്കിലും ഫലമുണ്ടായില്ല.

പഴശ്ശിയോടു സഹകരിക്കുന്നവരുടെ ഭൂമിയും സ്വത്തും കണ്ടുകെട്ടുന്നതാണെന്ന് 1796 ഡിസംബറിൽ കമ്പനി വിളംബരംചെയ്തു. ഇതുകൊണ്ടു പ്രയോജനമുണ്ടാകാതിരുന്നപ്പോൾ 1797 ജനുവരിയിൽ കമ്പനിയുടെ സൈന്യം വയനാട്ടിൽ മാനന്തവാടിയിലേക്കു ചെന്നു. കേരളവർമയുടെ സഹായിയായിരുന്ന കൈതേരി അമ്പുവിന്റെ പടയാളികൾ ഇവരെ തോല്പിച്ച് ഓടിച്ചു. വയനാട്ടിൽ തിണ്ടിമൽ എന്ന സ്ഥലത്ത് ക്യാമ്പുചെയ്തിരുന്ന കമ്പനി സൈന്യത്തെ കേരളവർമയുടെ മററൊരു സഹായിയായ എടച്ചേന കുങ്കനും അനുയായികളും ചേർന്ന് ആക്രമിച്ചു. കമ്പനി സൈന്യത്തിന്റെ തലവനായിരുന്ന ഇംഗ്ലിസ് തന്റെ മേലാവിന് എഴുതി:

'നായർ പ്രമാണിമാരും ഈ രാജ്യത്തിലെ കർഷകരും പഴശ്ശിരാജാവിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാനായി അയാൾക്കു രാജ്യം ലഭിക്കുവാനായി ആയുധമെടുത്തിരിക്കുകയാണ്. ഒരു വലിയ സൈന്യം ഉടനെ സഹായത്തിനു വരുന്നില്ലെങ്കിൽ അവർ നമ്മെ പുറത്തേക്കോടിക്കുന്ന കാലം അകലെയല്ല. മരിച്ചവരുടെയും മുറിവേററവരുടെയും ആയുധങ്ങളെല്ലാംതന്നെ നഷ്ടപ്പെട്ടിരിക്കുന്നു. എന്റെ ദേഹത്തിലുള്ള ഉടുവസ്ത്രം മാത്രം ബാക്കിയുണ്ട്. ഒരു ചെരിപ്പുപോലുമില്ല, കിടക്കുവാൻ ഒരു കിടക്കയും.'

ഏററുമുട്ടലുകളും സന്ധി സംഭാഷണങ്ങളുമായി ദിവസങ്ങൾ നീങ്ങി. തിരുവനന്തപുരത്ത് താമസമാക്കിയിരുന്ന കോട്ടയം കിഴക്കേ കോവിലകത്തെ മൂത്ത രാജാവിനു രാജ്യഭരണം വിട്ടുകൊടുത്തു കമ്പനി നൽകുന്ന വർഷാശനമായ എണ്ണായിരം രൂപ വാങ്ങി പഴശ്ശി കോവിലകത്ത് അടങ്ങിയൊതുങ്ങി പാർക്കുവാൻ 1797 ജൂലൈയിൽ കേരളവർമ സമ്മതിച്ചു. അപ്പോഴും വയനാടിന്റെ ആധിപത്യം തനിക്കാണെന്ന് അദ്ദേഹം വാദിച്ചു. താമസിയാതെ അദ്ദേഹം മാനന്തവാടിയിലേക്കു താമസം മാററി. എങ്കിലും മൂന്നു വർഷത്തോളം കമ്പനിയുമായി വലിയതോതിലുള്ള ഏററുമുട്ടലുകൾ ഒഴിവാക്കി.

ഇതിനിടെ 1799 മെയ്മാസത്തിൽ ടിപ്പു അന്തരിച്ചു. തുടർന്നു തങ്ങൾക്കു വഴങ്ങാത്ത പഴശ്ശി കേരളവർമയ്ക്കെതിരെ ഊർജിത നടപടികൾ എടുക്കുവാൻ ഈസ്റ്റ് ഇന്ത്യാ കമ്പനി തയ്യാറായി. മാനന്തവാടിയിൽ കേരളവർമയോടൊപ്പം ചാലാടി തങ്ങൾ എടച്ചേന കുങ്കൻ എന്നിവരുടെ നേതൃത്വത്തിൽ ആയുധധാരികളായ നാന്നൂറു പടയാളികളും ഇരുന്നൂറു കർണാടക പടയാളികളും ഉണ്ടായിരുന്നു. ഒരു പേരാലിനു കീഴിൽ സ്ഥാപിച്ച നാലു ചെറു പീരങ്കികളും മുളകൊണ്ടു നിർമിച്ച ഒരു കോട്ടയും ആ സ്ഥലത്തെ സംരക്ഷിച്ചു. നാന്നൂറു നായർ

പടയാളികൾ പഴശ്ശിയുടെ അംഗരക്ഷകരായി വർത്തിച്ചു. കടത്തനാട്ടിൽനിന്നു വന്ന അത്തിമൂപ്പൻ തെക്കേ മലബാറിൽനിന്നു നൂറു മാപ്പിളമാരെ കൊണ്ടുവന്നിരുന്നു. ഏതാണ്ട് ഇരുപതു് കൊല്ലന്മാർ അമ്പുണ്ടാക്കുന്നതിൽ വ്യാപൃതരായിരുന്നു. ചങ്ങാട്ടേരി ചാത്തുവിന്റെ കീഴിൽ ഇരുനൂറു പടയാളികൾ താമരശ്ശേരിയിലെയും കുറ്റ്യാടിയിലെയും ചുരങ്ങൾക്കു കാവൽ നിന്നു. വയനാടിന്റെ അതിർത്തികളെല്ലാം കാത്തുസംരക്ഷിക്കപ്പെട്ടു. കണ്ണോത്ത് മൂത്ത നമ്പ്യാർ, ഇരിവനാട്ടിലെ കാമ്പ്രത്ത് നമ്പ്യാർ, അയാളുടെ പുത്രൻ, പാഴൂർ രാജാവ് തുടങ്ങിയ പ്രമാണികൾ പരസ്യമായി കേരളവർമ്മയ്ക്കു പിന്തുണ പ്രഖ്യാപിച്ചിരുന്നു.

വയനാട്ടിൽനിന്നു കമ്പനിക്കെതിരായ പ്രവർത്തനം കോട്ടയം പ്രദേശത്തേക്കു വ്യാപിപ്പിക്കാൻ കേരളവർമ ശ്രമിച്ചു. ഇതിനെത്തുടർന്ന് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പട്ടാളം 1801 ജനുവരിയിൽ വീണ്ടും വയനാട്ടിലേക്കു കടന്നു. നേരിട്ടുള്ള ഒരു ഏറ്റുമുട്ടലിന് ഇടകൊടുക്കാതെ കേരളവർമയും അനുയായികളും തങ്ങളുടെ താവളങ്ങൾ മാററിക്കൊണ്ടിരുന്നു. കമ്പനിയുടെ സൈനികാധികാരിയായിരുന്ന സ്റ്റീവൻസൺ 1801 ഏപ്രിലിൽ കുറ്റ്യാടിയിൽ പ്രസിദ്ധീകരിച്ച വിളംബരത്തിൽ കേരളവർമയെ പിടികൂടുകയോ കമ്പനിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് ഏല്പിച്ചുകൊടുക്കുകയോ കീഴടക്കുവാൻ സഹായമായി കേരളവർമയുടെ രഹസ്യ വാസസ്ഥലം കാണിച്ചുകൊടുക്കുകയോ ചെയ്യുന്ന വ്യക്തിക്കു പതിനായിരം രൂപ സമ്മാനം നൽകുന്നതാണെന്നു പ്രഖ്യാപിച്ചു. കേരളവർമയുടെ പ്രധാനപ്പെട്ട എല്ലാ അനുയായികളുടെയും സ്വത്തുക്കൾ കമ്പനി കണ്ടുകെട്ടുകയുംചെയ്തു. കേരളവർമയെ അനുകൂലിച്ചിരുന്ന പലരെയും അവർ പിടിച്ചു കഴുവിലേററി.

1802 ഒക്ടോബറിൽ വയനാട്ടിലെ പനമരത്ത് കോട്ടയിൽ ക്യാമ്പുചെയ്തിരുന്ന കമ്പനി പട്ടാളത്തെ എടച്ചേന കുങ്കനും തലയ്ക്കൽ ചന്തുവും ചേർന്ന് എതിർത്തു തോല്പിച്ചു. തുടർന്ന് കമ്പനിക്കെതിരായ സമരം വയനാട്ടിൽ ശക്തിപ്പെട്ടു. 1803 ജനുവരിയിൽ കമ്പനി വയനാട്ടിൽ പട്ടാളനിയമം പ്രഖ്യാപിച്ചു. സമരം സമതലത്തിലേക്കും വ്യാപിച്ചതായിരുന്നു ഇതിന്റെ ഒരു ഫലം. ക്രമേണ സമതലത്തിൽ കമ്പനിപ്പട്ടാളം കരുത്താർജിച്ചു. 1805 ഫെബ്രുവരിയിൽ അവർ കൊട്ടിയൂർവഴി വയനാട്ടിലേക്കു കടന്നു. കമ്പനിപ്പട്ടാളവുമായി നേരിട്ട് ഒരു സമരത്തിലേർപ്പെടാതെ കേരളവർമയും അനുയായികളും ഒളിപ്പോരു് തുടർന്നു. ഒടുവിൽ, 1805 നവംബർ 30-ാം തീയതി കുങ്കറാപ്പുഴയ്ക്കടുത്തു തേക്കിൻകാട്ടിൽ വളർന്നുനില്ക്കുന്ന പുല്ലുകൾക്കിടയിൽ വിശ്രമിക്കുകയായിരുന്ന കേരളവർമയെ ഒരു ഒററുകാരൻ കമ്പനിപ്പട്ടാളക്കാർക്കു കാണിച്ചുകൊടുത്തു. വെടിയേററുവീണ കലാപകാരികൾക്കിടയിൽ കേരളവർമയും ഉൾപ്പെട്ടിരുന്നു എന്നു കമ്പനിയുടെ സൈന്യത്തെ നയിച്ചിരുന്ന സബ് കളക്ടർ ബാബർ പിന്നീടാണു മനസ്സിലാക്കിയതു്. അദ്ദേഹത്തിന്റെ ശവശരീരം ബാബർ സ്വന്തം പല്ലക്കിൽ കയററി മാനന്തവാടിക്കു കൊണ്ടുവന്നു; പരമ്പരാഗതമായ ആചാരങ്ങളോടും ബഹുമതികളോടുംകൂടെ സംസ്കരിക്കുകയുംചെയ്തു. തന്റെ മേലധികാരികൾക്കയച്ച റിപ്പോർട്ടിൽ ബാബർ ഇങ്ങനെ എഴുതി:

'കമ്പനിക്കെതിരായി ഏതാണ്ട് ഒമ്പതു വർഷത്തിലധികംകാലം സമര നടപടികൾ നിലനിർത്താൻ കഴിഞ്ഞ ആ മനുഷ്യന്റെ ജീവിതചര്യ അങ്ങനെ അവസാനിച്ചു. അതിനിടയിൽ ആയിരക്കണക്കിന് വിലപ്പെട്ട ജീവത്യാഗങ്ങളും എല്ലാവിധം കണക്കുകൂട്ടലിനുമപ്പുറം വരുന്ന ധനവ്യയവും ആവശ്യമായി വന്നു. വരുംതലമുറയ്ക്കു് അദ്ദേഹത്തെപ്പററി ഏതാണ്ടൊരു സങ്കല്പമുണ്ടാക്കാൻ ഇന്ത്യയിലും ഇംഗ്ലണ്ടിലുമുള്ള രേഖകൾ ഉപകരിക്കും.'

പാരമ്പര്യസിദ്ധമായ തന്റെ രാജാധികാരം നിലനിർത്താനാണ് പഴശ്ശി കേരളവർമ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയോടു പോരാടിയതു്. ഈ അധികാരത്തിന്റെ ലക്ഷ്യമാകട്ടെ ഇന്നാട്ടിലെ സംസ്കാരം അഭംഗുരമായി നിലനിർത്തലും പാവപ്പെട്ടവരെ സംരക്ഷിക്കലുമായിരുന്നു. നിരക്ഷരരും ദരിദ്രരുമാ

യിരുന്ന തന്റെ പ്രജകളുമായി താദാത്മ്യം നേടുവാൻ കേരളവർമ്മയ്ക്കു് കഴിഞ്ഞു. തങ്ങളുടെ സമ്പത്തും സൗഖ്യവും ജീവൻപോലും അദ്ദേഹത്തിനുവേണ്ടി ബലി കഴിക്കാൻ മലബാർ സമതലത്തിലെ നായന്മാരും മാപ്പിളമാരും മാത്രമല്ല, വയനാടൻ കാടുകളിലെ കുറിച്യരും പണിയരുംകൂടി സന്നദ്ധരായതു് ഇക്കാരണത്താലാണു്. ബ്രിട്ടീഷ് സാമ്രാജ്യാധിപത്യത്തെ ഇത്രയേറെ കാലം ആയുധമുപയോഗിച്ച് ആരെങ്കിലും ഇന്ത്യയിൽ ചെറുത്തുനിന്നിട്ടുണ്ടോ എന്നു സംശയമാകുന്നു.

തീർച്ചയായും കേരളചരിത്രത്തിൽ അനുസ്മരിക്കപ്പെടേണ്ട ഒരു ധീരയോദ്ധാവാണു് പഴശ്ശി കേരളവർമ്മ തമ്പുരാൻ. തന്റെ രണ്ടു പൂർവികർ മലയാള സാഹിത്യത്തിനു നൽകിയതിനോടു തുല്യമായ സംഭാവന നമ്മുടെ രാഷ്ട്രീയ ചേതനയ്ക്കു് അദ്ദേഹം നല്കുകയുണ്ടായി. രാജ്യസ്നേഹത്തിനു് ഒരു മാതൃക നല്കിക്കൊണ്ടു് അദ്ദേഹത്തിന്റെ ഓർമ്മ ഒരു വാടാവിളക്കുപോലെ നമ്മിൽ ജ്വലിച്ചു നില്ക്കട്ടെ!

(പ്രധാന അവലംബം: കെ. കെ. എൻ. കുറുപ്പ്—പഴശ്ശി സമരങ്ങൾ)

(3 ഡിസംബർ, 1988)